**സബ്മിഷൻ**

(1) മട്ടന്നൂരിൽ മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. വയനാട് ജില്ലയിൽ ഉരുൾപൊട്ടലുണ്ടായ അതേസമയത്ത് എന്റെ നിയോജകമണ്ഡലമായ മട്ടന്നൂരിലും കനത്ത ഉരുൾപൊട്ടലും നാശനഷ്ടങ്ങളുമുണ്ടായെങ്കിലും ആളപായം ഉണ്ടായിട്ടില്ല. തക്കസമയത്ത് അവരെ രക്ഷപ്പെടുത്താൻ സാധിച്ചുവെന്നതുമാത്രമേയുള്ളൂ. പക്ഷെ വയനാടിന്റെ മഹാദുരന്തത്തിനിടയിൽ ഇത്തരം ചെറിയ പ്രദേശത്തുണ്ടായ ദുരന്തം ശ്രദ്ധിക്കപ്പെടാതെ പോയെന്നതാണ് യാഥാർഥ്യം. ഉരുൾപൊട്ടലിൽ എന്റെ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിടം പഞ്ചായത്തിൽ 22 വീടുകളും ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ 9 വീടുകളും കോളയാട് പഞ്ചായത്തിൽ 8 വീടുകളും കീഴല്ലൂരിൽ 4 വീടുകളും മാലൂർ പഞ്ചായത്തിൽ 7 വീടുകളും മട്ടന്നൂർ നഗരസഭയിൽ 5 വീടുകളും പടിയൂർ പഞ്ചായത്തിൽ 1 വീടും പൂർണ്ണമായും തകർന്നു. ഇവയിൽ പലതും മൺകട്ടകൾ ഉപയോഗിച്ച് നിർമ്മിച്ച വീടുകളായിരുന്നു. 300 ആളുകളെ വിവിധ

ക്യാമ്പുകളിൽ മാറ്റി താമസിപ്പിക്കേണ്ടതായിവന്നു. ഈ സമയത്ത് 8 ദുരിതാശ്വാസ ക്യാമ്പുകളാണ് അവിടെ പ്രവർത്തിച്ചിരുന്നത്. എണ്ണൂറിലേറെ വീടുകളിൽ അടിഞ്ഞ ചെളിയും മണ്ണും നീക്കി വാസയോഗ്യമാക്കാൻ വളരെയേറെ ബുദ്ധിമുട്ടേണ്ടിവന്നു. വീട്ടുപകരണങ്ങളെല്ലാം നശിച്ചുപോയി. വീടുകളിൽനിന്നും ഒഴുകി പുറത്തുപോയ ഫ്രിഡ്ജുകളുൾപ്പെടെയുള്ള ഉപകരണങ്ങൾ തിരിച്ചെടുത്തപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. ഉരുൾപൊട്ടലിന്റെ ആഘാതത്തെക്കുറിച്ച് പറയുന്നതിനാണ് ഫ്രിഡ്ജ് ഒഴുകി പോയതിനെക്കുറിച്ച് സൂചിപ്പിച്ചത്. വീട്ടുപകരണങ്ങളും സോഫയും അലമാരകളും തുണികളും കൂടാതെ, ആധാർ കാർഡുപോലെയുള്ള നിരവധി രേഖകളും കുട്ടികളുടെ പുസ്തകങ്ങളുമെല്ലാം നശിച്ചുപോയി. കൃഷി ഭൂമിയും പൂർണ്ണമായും നശിച്ചു. നിരവധി വളർത്തുമൃഗങ്ങൾ ഒഴുകിപോയി. ഭാഗികമായി തകർന്ന വീടുകളുൾപ്പെടെ എഴുപത്തിയഞ്ചോളം വീടുകൾ തകർന്നു. പൂർണ്ണമായും തകർന്ന വീടുകൾ നിർമ്മിക്കുന്നതിന് 1,20,000 രൂപയാണ് ഗവൺമെന്റ് സഹായമായി നൽകാൻ തീരുമാനിച്ചത്. അത് മുഴുവനായും ലഭിച്ചിട്ടില്ല. എന്നാൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 4

ലക്ഷം രൂപയുടെ സഹായ പദ്ധതിയെങ്കിലും അവിടെ അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കോഴിക്കോട് ഉണ്ടായിട്ടുള്ള ദുരന്തത്തിൽ നേരത്തെ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാലിവിടെ അത്തരത്തിലൊരു പാക്കേജും പ്രഖ്യാപിച്ചിട്ടില്ല. അതുകൊണ്ട് ഒരു പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് ഈ ദുരന്തത്തിൽനിന്നും കരകയറാൻ ഞങ്ങളെ സഹായിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കണ്ണൂർ ജില്ലയിൽ 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ ശക്തമായ മഴയിൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും ആവശ്യഘട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ച് ആളുകളെ മാറ്റിപാർപ്പിച്ചിട്ടുള്ളതുമാണ്. പ്രകൃതിക്ഷോഭത്തിൽ വീടുകളും മറ്റുജീവിതോപാധികളും നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള അർഹമായ ദുരിതാശ്വാസ സഹായം നൽകുന്നതിനാവശ്യമായ നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ പൂർണ്ണമായും നാശം സംഭവിച്ച 11 വീടുകൾക്കും ഭാഗികമായി നാശം സംഭവിച്ച 393 വീടുകൾക്കും നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ റിലീഫ് പോർട്ടൽ മുഖാന്തരം ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിച്ചുവരികയാണ്. ഈ കാലയളവിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രകൃതിക്ഷോഭത്തിൽ കൃഷി നാശമുണ്ടായ മേഖലകളിൽ മണ്ണ് നഷ്ടപ്പെട്ട പ്രദേശങ്ങളിൽ മണ്ണ് പരിശോധന നടത്തി ആവശ്യമായ പോഷകങ്ങൾ വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും മണ്ണൊലിപ്പുമൂലം തകർന്ന കിണറുകൾ, തോടുകൾ, വയലുകൾ, കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും കൃഷി വകുപ്പിൽനിന്നും പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച മട്ടന്നൂർ, കൂടാളി, കീഴല്ലൂർ, കോളയോട്, മാലൂർ, ചിറ്റാരിപറമ്പ്, മാങ്ങാട്ടിടം കൃഷി ഭവനുകളുടെ പരിധിയിൽ വരുന്ന 23 കർഷകർക്ക് ആകെ 18,32,189 രൂപ

നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾക്ക് ദുരന്തനിവാരണ പ്രതികരണനിധി മാനദണ്ഡപ്രകാരം നാശനഷ്ടങ്ങളുടെ കണക്കുകൾ അതാത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്ക് സർക്കാർ ദുരിതാശ്വാസ സഹായം അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതുനാശനഷ്ടങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങളാണുള്ളത്. ഇതുപ്രകാരം സംസ്ഥാന ദുരന്തനിവാരണ പ്രതികരണ നിധിയിൽനിന്ന് നൽകാൻ കഴിയുന്ന ധനസഹായം വളരെ കുറവാണ്. ഈ പ്രശ്നങ്ങളാണ് നേരത്തെയും ദുരന്തനിവാരണ ഘട്ടത്തിൽ വയനാടുൾപ്പെടെയുള്ള പ്രദേശങ്ങളിലുമുണ്ടായ ദുരന്ത പശ്ചാത്തലത്തിൽ പ്രത്യേക സഹായം വേണമെന്ന് കേരളം കേന്ദ്രത്തിനോട് ആവശ്യപ്പെടാനുള്ള കാരണം. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എസ്.ഡി.ആർ.എഫ്.-ന്റെ മാനദണ്ഡങ്ങളിൽ ഇതെല്ലാം ഉൾപ്പെടുത്താൻ കഴിയാത്ത പ്രശ്നമുണ്ട്. എസ്.ഡി.ആർ.എഫ്.-ന്റെ മാനദണ്ഡമനുസരിച്ച് വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് കുന്നിൻപ്രദേശങ്ങളിലാണെങ്കിൽ 1,30,000

രൂപയും സമതലങ്ങളിലാണെങ്കിൽ 1,20,000 രൂപയുമാണ് നൽകാൻ കഴിയുന്നത്. 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പെയ്ത കനത്ത മഴയിലുണ്ടായ നാശനഷ്ടങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിനുമുമ്പായി ഈ പ്രശ്നം ബഹുമാനപ്പെട്ട അംഗം ഞങ്ങളോട് പറയുകയും പരാതി നൽകുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09-09-2024-ന് ചേർന്ന യോഗം ഇക്കാര്യം വിശദമായി പരിശോധിച്ച് എസ്.ഡി.ആർ.എഫ്.-ഉം സി.എം.ഡി.ആർ.എഫ്.-ഉം ചേർത്ത് പരമാവധി സഹായം മുമ്പ് നിർണ്ണയിച്ച വിവിധ സ്ലാബുകൾ നിലനിർത്തിക്കൊണ്ട്, നഷ്ടത്തിന്റെ തോത് 15% വരെയുള്ളവർ, 16 മുതൽ 29% വരെയുള്ളവർ, 30 മുതൽ 59% വരെയുള്ളവർ, 60 മുതൽ 74% വരെയുള്ളവർ, 75-നും 100%-ത്തിനും ഇങ്ങനെ പ്രത്യേകം സ്ലാബാക്കി മാറ്റാനും വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപ നൽകുന്ന തരത്തിൽ സി.എം.ഡി.ആർ.എഫ്.-ഉം ചേർത്ത് ആവശ്യമായ ധനസഹായം നൽകുന്നതിന് തീരുമാനമെടുത്തു. അതിന്റെ ജി.ഒ. ഈ സബ്മിഷന്റെകൂടി അടിസ്ഥാനത്തിൽ അടിയന്തരമായി പുറത്തിറക്കും.

പുറമ്പോക്ക് ഭൂമിയുൾപ്പെടെയുള്ളവർക്ക് വീട് നഷ്ടപ്പെട്ടാൽ പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നതിനും ഭൂമിയും വീടും നഷ്ടപ്പെട്ടാൽ 10 ലക്ഷം രൂപയായി നൽകുന്നതിനുവേണ്ടിയുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. രേഖകൾ നഷ്ടപ്പെട്ട മുഴുവൻപേർക്കും രേഖകൾ നൽകുന്നതിന് പ്രത്യേക നിർദേശം കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകുന്നതാണ്. ആവശ്യമെങ്കിൽ ആ മണ്ഡലത്തിലെ ടി സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേക അദാലത്ത് നടത്തി ആവശ്യമായ രേഖകൾ തിരിച്ചുകൊടുക്കുന്നതിനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്താം. സംസ്ഥാന ദുരന്തനിവാരണ പ്രതികരണനിധി മാനദണ്ഡപ്രകാരം നാശനഷ്ടങ്ങൾക്ക് തുല്യമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനോ പാക്കേജ് തയ്യാറാക്കുന്നതിനോ വ്യവസ്ഥയില്ല. എങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതനുസരിച്ച് സംസ്ഥാന ദുരന്തനിവാരണ പ്രതികരണനിധിയിൽനിന്ന് വീട് നഷ്ടപ്പെട്ടവർക്കും കന്നുകാലികൾ നഷ്ടപ്പെട്ടവർക്കും ജീവിതോപാധികൾ നഷ്ടപ്പെട്ടവർക്കും ഈ ദിവസങ്ങളിൽ ക്യാമ്പുകളിൽ കഴിയേണ്ടിവന്നവർക്കുമെല്ലാം

മാനദണ്ഡപ്രകാരമുള്ള ധനസഹായം അടിയന്തരമായി അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ ഒരു ഗർത്തം രൂപപ്പെട്ടതിനെത്തുടർന്ന് ആ റോഡിന്റെ ഗതാഗത സൗകര്യങ്ങൾ ഒരുവർഷത്തിലേറെയായി തടസ്സപ്പെട്ടിട്ട്. അതിനെത്തുടർന്ന് സുരക്ഷിതമായി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും റെഗുലറേറ്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി പ്രത്യേകമായ പഠനം നടത്തി വിശദമായ മാർഗ്ഗനിർദേശങ്ങൾ നൽകിയതിനെ അടിസ്ഥാനപ്പെടുത്തി പുതുക്കിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അടിയന്തരമായി ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ

വിഷയവുമായി ബന്ധപ്പെട്ട് മൂന്നാം തവണയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നതെന്നുകൂടി അറിയിച്ചുകൊണ്ട് അടിയന്തരമായി ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി-മറ്റത്തൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയ്ക്കുകുറുകെ ആറ്റപ്പിള്ളി കടവിൽ നിർമ്മിച്ചിട്ടുള്ള റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ പൂർത്തീകരിക്കേണ്ട പ്രവൃത്തികളായ റഗുലേറ്റർ വിയറുകൾ, ഷട്ടറുകൾ, ഇടതുവലതുകരകളുടെ സംരക്ഷണ ഭിത്തികൾ, ഡൗൺസ്ട്രീം, അപ്സ്ട്രീം ഏപ്രണുകൾ, അപ്രോച്ച് റോഡ് എന്നിവ പൂർത്തീകരിക്കാനായി ഏഴ് കോടി രൂപയുടെ ഭരണാനുമതിയോടെ സർക്കാർ പദ്ധതി വിഹിതത്തിൽപ്പെടുത്തി 03-10-2016-ൽ പണികൾ ആരംഭിക്കുകയും 31-05-2019-ൽ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. ഡൗൺ സ്ട്രീം ഏപ്രൺ, അപ്സ്ട്രീം ലൂസ് ഏപ്രൺ, അപ്രോച്ച് റോഡിന്റെ കാന നിർമ്മാണം എന്നിവയൊഴിച്ച് എല്ലായിനങ്ങളും പൂർത്തീകരിച്ചു. 10-05-2019-ൽ ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ കൂടിയ

ടെക്നിക്കൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിലെ 12-11-2020-ലെ ഉത്തരവുപ്രകാരം കരാറുകാരന്റെ കരാർ നഷ്ടോത്തരവാദിത്വമില്ലാതെ റദ്ദ് ചെയ്തിരുന്നു. 2018-ലെ മഹാപ്രളയത്തിലും 2019-ലെ പ്രളയത്തിലും നദിയുടെ അടിത്തട്ടിലെ ശക്തമായ നീരൊഴുക്കുമൂലമുണ്ടായ വ്യതിയാനങ്ങൾ എത്രമാത്രമാണെന്നും മറ്റുമുള്ള വിശദാംശങ്ങൾ കണ്ടെത്താനായി KERI, Peechi (Kerala Engineering Research Institute)യുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് അനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റത്തൂർ ഇടതുകരയോടുചേർന്ന ഭാഗത്ത് അപ്രോച്ച് റോഡിൽനിന്നും മണ്ണ് ഊർന്നുപോയി റോഡിൽ ഗർത്തങ്ങൾ രൂപപ്പെട്ടിരുന്നു. 04-06-2021-ൽ റോഡിന്റെ നടുക്ക് കുഴി രൂപപ്പെട്ടതിനാൽ ഗതാഗതം നിരോധിക്കേണ്ടതായിവന്നു. ക്വാറി വേസ്റ്റ് ഉപയോഗിച്ച് ഗർത്തങ്ങൾ നിറച്ചതിനുശേഷം റോഡ് ടു വീലർ, ത്രീ വീലർ എന്നിവയ്ക്കായി തുറന്നുകൊടുക്കുകയും ചെയ്തു. അതിനുശേഷം 25-03-2021-ൽ സൈഡ് പിച്ചിംഗിൽ ഗർത്തം രൂപപ്പെട്ടതായി കാണുകയും ചെയ്തു. 24-07-2021-ന്

വീണ്ടും റോഡ് ഇടിയാൻ തുടങ്ങിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. 2012-ൽ പ്രവൃത്തി നിർത്തിവച്ചതിനുശേഷം ഏപ്രൺ (apron) ന്റെയും പൈൽകേപ് (pilecape) ന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കുണ്ടായ മണ്ണൊലിപ്പും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള മാറ്റങ്ങളുമുൾപ്പെടെ നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുന:സ്ഥാപിക്കുന്നതിനും ആറ്റപ്പിള്ളി റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ ബാക്കിയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനൊരു സാങ്കേതിക വിദഗ്ധ സമിതിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ആദ്യയോഗം 01-08-2023-ൽ കൂടുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ അന്തിമമാകുന്നതിന് സാങ്കേതിക വിദഗ്ധ സമിതിയിലെ അംഗങ്ങളും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും 18-09-2023-ൽ പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം സന്ദർശിക്കുകയും സാങ്കേതിക വിദഗ്ധ സമിതിയുടെ റിപ്പോർട്ട് 04-11-2023-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ധ സമിതി

നിർദേശിച്ചപ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ KERI, Peechi-യെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾക്കനുസൃതമായി റെഗുലേറ്റർ കം-ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും ശേഷിക്കുന്ന ജോലികൾക്കുള്ള ഡിസൈൻ ഐ.ഡി.ആർ.ബി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഐ.ഡി.ആർ.ബി. തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ 13.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കെ. രാമചന്ദ്രൻ സൂചിപ്പിച്ചതുപോലെ, പ്രാധാന്യമുള്ളൊരു കാര്യമാണെന്നുള്ളതുകൊണ്ട് ഇതിന് തീർച്ചയായും ഫണ്ടിന്റെ ലഭ്യതയനുസരിച്ചിട്ടുള്ള പ്രയോറിറ്റി നൽകി, പ്രസ്തുത പണി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(3) റോഡുകളുടെ റെസ്റ്റോറേഷൻ ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കൽ

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചേർപ്പ്-

തൃപ്രയാർ റോഡിന്റെ വിവിധ കുടിവെള്ള പദ്ധതിക്കായി റോഡുകൾ പൊളിച്ചിടുകയും സമയബന്ധിതമായി റെസ്റ്റോറേഷൻ നടത്താത്തതിനാൽ നാലുവർഷത്തോളമായി ജനങ്ങൾ ദുരിതത്തിലാണ്. കൂടാതെ ജലജീവൻ മിഷൻ പദ്ധതിക്കായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ റോഡുകൾ മുഴുവനും പൊളിച്ചിട്ട് നാളുകളായി പൂർവ്വസ്ഥിതിയിലാകാത്ത അവസ്ഥയുമാണുള്ളത്. ഈ കുടിവെള്ള പദ്ധതികൾ അലംഭാവത്തോടെ നടത്തുന്ന നാട്ടിക പ്രോജക്ട് ഡിവിഷൻ എഞ്ചിനിയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറും യോഗങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാതെ ജനങ്ങളെയും ജനപ്രതിനിധികളെയും വെല്ലുവിളിക്കുന്ന സമീപനമാണ് കാണിക്കുന്നത്. ഇവർക്കെതിരെ പലതവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിക്ക് പരാതികൾ നൽകിയിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. നാട്ടിക നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാതയായ ചേർപ്പ്-തൃപ്രയാർ റോഡിന്റെയും വിവിധ ഗ്രാമപഞ്ചായത്ത് ഗ്രാമീണ റോഡുകളുടെയും റസിഡൻഷ്യൽ ടാറിംഗ് പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനും പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ നാട്ടിക പ്രോജക്ട് ഡിവിഷൻ

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നതും സംബന്ധിച്ചുള്ളതാണ് പ്രസ്തുത സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ചേർപ്പ്-തൃപ്രയാർ റോഡിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചാഴൂർ ജലശുദ്ധീകരണശാലയിൽനിന്നുള്ള ക്ലീയർ വാട്ടർ പമ്പിംഗ് മെയിനും അമൃത് ഗുരുവായൂർ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പുകളും സ്ഥാപിക്കുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിയത്. പ്രസ്തുത പ്രവൃത്തികൾ 2023 മാർച്ചിൽ പൂർത്തീകരിച്ചു. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളോടൊപ്പംതന്നെ ഘട്ടംഘട്ടമായി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുകയും ഡിസംബർ 23-ൽ ബി.എം. വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബി.സി.ഓവർലേ മാത്രമാണ് ഇനി ബാക്കിയുള്ളത്. കാലാവസ്ഥ അനുകൂലമാകാത്തതിനാലാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ താമസം നേരിടുന്നത്. ബാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടിക നിയോജകമണ്ഡലത്തിൽ അന്തിക്കാട്, താന്ന്യം, ചാഴൂർ പഞ്ചായത്തുകളിലാണ്

ജലജീവൻ മിഷൻ പ്രവൃത്തികൾ നാട്ടിക പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നടന്നുവരുന്നത്. ഈ പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പ്രത്യേകമായി അറേഞ്ച് ചെയ്തിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി.-യുടെ നിർദേശപ്രകാരവും അവരുടെ സൂപ്പർവിഷനിലുമാണ് നടത്തിവരുന്നത്. മഴമൂലമാണ് റോഡ് റെസ്റ്ററേഷൻ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നത്. മഴക്കാലത്ത് സാധ്യമായ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്. കുഴികൾ രൂപപ്പെടുന്നതനുസരിച്ച് ആയത് ജി.എസ്.ബി., അല്ലെങ്കിൽ ഡബ്ല്യൂ.എം.എം. ഇട്ട് ലെവൽ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ റോഡ് കട്ട് ചെയ്ത ഭാഗത്ത് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സജ്ജീകരണം ഉറപ്പാക്കുന്നുണ്ട്. പ്രധാനപ്പെട്ട കാര്യം, ഇത് പൊതുവിൽ എല്ലായിടത്തും സംഭവിച്ചിട്ടുള്ള ഒരു പ്രശ്നമാണ്. റോഡ് റെസ്റ്റോറേഷനിൽ കാലാവസ്ഥാ വ്യതിയാനംമൂലം കുറച്ച് കാലതാമസം സംഭവിച്ചു. ചില സ്ഥലങ്ങളിൽ പൈപ്പിട്ടുകഴിഞ്ഞാലും അതിനകത്ത് അത്

ചാർജ്ജ് ചെയ്തതിനുശേഷമല്ലാതെ പെർമനന്റ് റെസ്റ്ററേഷൻ ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ട്. എങ്കിലും താല്ക്കാലികമായി അത് റെസ്റ്റോർ ചെയ്യാനാവശ്യമായ നിർദേശം പൊതുവിൽ നൽകിയിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ എല്ലായിടത്തും ഇത് രൂപപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇത്രത്തോളം വർക്കുകൾ കേരളത്തിൽ എല്ലാ പ്രദേശത്തും നടക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. കാലാവസ്ഥയുടെയും ഭൂമി terrain-ന്റെയുമൊക്കെ പ്രശ്നം ഇതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപ്രകാരം, അവിടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഇക്കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായും പരിശോധിക്കാം. പക്ഷേ ഇത് എല്ലായിടത്തും ഉയർന്നുവരുന്ന പ്രശ്നമാണ്. അത് നമ്മളുംകൂടി സഹകരിച്ച് തീർക്കാൻ ശ്രമിക്കുകയെന്നതാണ് മാക്സിമം ചെയ്യാൻ കഴിയുന്നത്. കഴിയുന്നത്ര പഞ്ചായത്തുകളെ ഈവരുന്ന നാലഞ്ചുമാസക്കാലത്തിനകം പൂർണ്ണമായും ഈ പദ്ധതി പ്രയോജനപഥത്തിൽ കൊണ്ടുവരുന്നതിനുള്ള നല്ല ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. തീർച്ചയായും

ഇക്കാര്യം ഗൗരവത്തോടുകൂടി കാണുകയും റോഡ് റെസ്റ്റോറേഷനാവശ്യമായിട്ടുള്ള പ്രാഥമിക കാര്യങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നിർദേശം പൊതുവിൽ നൽകുകയും ചെയ്യാം.

(4) പുല്ലുപാറയിൽ ഐ. ടി. പാർക്ക് സ്ഥാപിക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിൽ ഐ.ടി. പാർക്കിനായി ഏറ്റെടുത്ത ഭൂമി, ഐ.ടി. പാർക്ക് പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ, വ്യവസായ പാർക്കാക്കുന്നതിനുള്ള നടപടികൾ 2017-ൽ തുടങ്ങിയതാണ്. ഫയലുകൾ വ്യവസായ വകുപ്പിൽനിന്നും ഫിനാൻസിലേയ്ക്കും ഐ.ടി.-യിലേയ്ക്കും സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി ഇതിന് ഫലപ്രദമായിട്ടുള്ള ഒരു പരിഹാരം ഉണ്ടായിട്ടില്ല. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ആളുകൾ സന്നദ്ധമായി മുന്നോട്ടുവരുന്നുണ്ട്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായിട്ടുള്ള സ്ഥലമാണെന്ന് കിൻഫ്ര റിപ്പോർട്ട് ചെയ്യുകയും അതിന്റെ നടപടികൾ വ്യവസായ വകുപ്പ് നീക്കുകയും ചെയ്തതാണ്. വ്യവസായ വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്തുകൊണ്ട് വിവിധ ഘട്ടങ്ങളിൽ ഇതിന്റെ

ആലോചനായോഗങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ വ്യവസായ പാർക്ക് ആക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് നടപടികൾ കൈക്കൊള്ളുന്നില്ല. അടിയന്തരമായി ഇതിന് പരിഹാരമുണ്ടാക്കുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമൊരുക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം പലഘട്ടങ്ങളിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 07-10-2021-ൽ ഒരു യോഗം ചേർന്നിരുന്നു. അദ്ദേഹം സൂചിപ്പിച്ചതുപോലെ കിൻഫ്രയോട് ഒരു ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പ് തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇത് CESS പദവിയിൽ ആയതുകൊണ്ട് അത് ഡീ-നോട്ടിഫൈ ചെയ്താൽമാത്രമാണ് ചെറിയ വ്യവസായങ്ങൾക്ക് അവിടെ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

അതിനാവശ്യമായ പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പ് നടത്തേണ്ടതുണ്ട്. KSITIL(Kerala State Information Technology Infrastructure Ltd) അതിന് മുൻകൈയെടുക്കണമെന്ന് തീരുമാനിച്ചു. അതിന്റെയൊരു ഘട്ടത്തിലാണ് ഡീ-നോട്ടിഫൈ ചെയ്യുമ്പോൾ ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള നികുതിയുടെ ചില ഇളവുകൾ തിരിച്ചടയ്ക്കേണ്ടതുണ്ട്. അതിന് 1,87,06,820/-രൂപ കിൻഫ്ര അടച്ചുകഴിഞ്ഞിട്ടുണ്ട്. ഡീ-നോട്ടിഫിക്കേഷൻ പ്രോസസ് പൂർത്തീകരിക്കണം ഐ.ടി. വകുപ്പ് അതിന് എൻ.ഒ.സി. നൽകിക്കഴിഞ്ഞിട്ടുണ്ട്. അത് പൂർത്തീകരിച്ച് ഡീ-നോട്ടിഫൈ ചെയ്യുന്ന മുറയ്ക്ക് വ്യവസായ വകുപ്പിന് കൈമാറിക്കിട്ടിയാൽ അടിയന്തരമായിത്തന്നെ അലോട്ട്മെന്റുൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(5) ഖരമാലിന്യ സംസ്കരണ പ്ലാന്റ് മാറ്റി സ്ഥാപിക്കൽ

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഇന്ന് പ്രയാസകരമായി കേരളത്തിൽ നിലനിൽക്കുകയാണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശമാണ് കേരളമെന്ന് നമുക്കറിയാം. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ്

എടുക്കുന്ന നടപടികൾ മുഴുവൻ ദുരനുഭവങ്ങളുണ്ടാക്കുന്ന തരത്തിലാണ് എല്ലായിടത്തും പോകുന്നതെന്നതാണ് വാസ്തവം. അതിനാവശ്യമായ തരത്തിലുള്ള നിലപാടും നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നില്ലെന്നതാണ് അനുഭവത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. നിർമ്മിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ മുഴുവൻ ജനസാന്ദ്രത എവിടെയാണോ അവിടെ നിർമ്മിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ കൂട്ടുകയും അവരെല്ലാം അതിൽ പ്രതിഷേധിക്കുകയും അത് നടപ്പിലാക്കാൻ കഴിയാതെ പോകുകയും ചെയ്യുക എന്നതാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളല്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. കുറ്റിപ്പുറം പഞ്ചായത്തിൽ എകദേശം 8 മുതൽ 10 ഏക്കർ വരുന്ന സ്ഥലം ടേബിൾ ടോപ്പെന്ന് പറയുന്നതുപോലെ വലിയൊരു മല മുകളിൽ നിൽക്കുകയാണ്. അതിനുതഴെ നാല് ഭാഗത്തും ജനങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളാണ്. അതിന്റെ തൊട്ടടുത്താണ് കിൻഫ്രാ പാർക്കും ഭാരതപ്പുഴയുമെല്ലാമുള്ളത്. ഭാരതപ്പുഴയിൽ കുടിവെള്ള പദ്ധതിക്കായി പ്ലാന്റ് സ്ഥാപിച്ച് അവിടെ നിന്നും കുടിവെള്ളമെടുത്ത് കിൻഫ്രാ പാർക്കിൽ

ടാങ്കുണ്ടാക്കി അത് കോട്ടക്കൽ മുനിസിപ്പാലിറ്റി അടക്കമുള്ള ഏകദേശം അഞ്ച് പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനാവശ്യമായ ഒരു പദ്ധതി ജലജീവൻ മിഷന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനടുത്താണ് ഈ മാലിന്യ പ്ലാന്റ് വരുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് വന്നാൽ താഴെ ഭാഗത്ത് താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് അവരുടെ കുടിവെള്ളം മുഴുവൻ മുടങ്ങുന്ന അല്ലെങ്കിൽ അതെല്ലാം മലിനമാകുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ഈ കുടിവെള്ള പദ്ധതിയെ തകർക്കുകയും ജനങ്ങളുടെ ജീവിതം ദുഃസഹമാക്കുകയും ചെയ്യുന്ന തരത്തിൽ ഗവൺമെന്റ് അവിടെ പദ്ധതി നടപ്പിലാക്കുകയാണ്. സ്വാഭാവികമായും കേരളത്തിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് അനിവാര്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. അത്തരത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമ്പോൾ ജനങ്ങളുമായും പഞ്ചായത്തുമായുമൊക്കെ കൂടിയാലോചിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടാകാതെ അവർക്ക് പ്രയോജനപ്പെടാവുന്ന തരത്തിലുള്ള സ്ഥലം ഐഡന്റിഫൈ ചെയ്ത് അവിടെയാണ് ഇതെല്ലാം സ്ഥാപിക്കുന്നതെങ്കിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. മറിച്ച്

ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ ജനങ്ങളുടെ എതിർപ്പ് ഉണ്ടാകുന്ന തരത്തിലുള്ളതാണ്. അതുകൊണ്ട് കുറ്റിപ്പുറം പഞ്ചായത്തിലെ ചെല്ലൂരെന്ന പ്രദേശത്തുള്ള മാലിന്യ സംസ്കരണ പ്ലാന്റ് അവിടെ നിന്നും മാറ്റുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. അവരുടെ കുടിവെള്ളം മുട്ടിക്കുന്നൊരു പദ്ധതിയും പ്രവർത്തനവുമായി മുന്നോട്ട് പോകരുതെന്നതാണ് എന്റെ ഈ സബ്മിഷനിലൂടെ എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ച സബ്മിഷന്റെ മറുപടിയാണ്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യ സംസ്കരണം നടത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11.06.2018-ലെ സ.ഉ (എം.എസ്.)നം. 82/2018 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും

പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലെ പദ്ധതി വിഭാവന ചെയ്ത് പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പുമായുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യെ നിയമിച്ചിട്ടുണ്ട്. പദ്ധതിയിൽ ജില്ലയിൽ നിന്ന് പങ്കെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണം, പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സമാഹരണം തുടങ്ങി പൂർണ്ണമായും സ്വകാര്യ പങ്കാളിത്തതോടെ നടത്തുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് രണ്ട് വർഷത്തെ നിർമ്മാണ കാലാവധിയുൾപ്പെടെ 27 വർഷമാണ്. വീടുകളിൽ നിന്നും തരം തിരിച്ച് പദ്ധതിയിൽ പങ്കാളികളായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സെക്കൻഡറി കളക്ഷൻ പോയിന്റുകളിലെത്തിക്കുന്ന ഖരമാലിന്യങ്ങൾ ഈ സെന്ററുകളിൽ നിന്നും പ്രത്യേകം രൂപകൽപ്പന ചെയ്ത അടച്ചുറപ്പുള്ള വാഹനങ്ങളിൽ സ്വകാര്യ ഏജൻസി സംസ്കരണ ശാലകളിലെത്തിച്ച് സംസ്കരിച്ച് ഊർജ്ജമാക്കി മാറ്റുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ജില്ലാ ഭരണ കൂടം

നിർദ്ദേശിച്ച തിരൂർ താലൂക്കിലെ നെടുവട്ടം വില്ലേജിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ആറാം വാർഡ്, അത്താണിക്കൽ വാർഡ് 19 കഴത്തെല്ലൂർ എന്നിവ ഉൾപ്പെടുന്ന സർവ്വെ നമ്പർ 50/507/1-ൽ പ്പെട്ട 8 ഏക്കർ സ്ഥലം 31.2376 ഹെക്ടർ ഭൂമി പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-ക്ക് 30 വർഷത്തെ വാർഷിക പാട്ടത്തിന് അനുവദിച്ചുകൊണ്ട് മലപ്പുറം ജില്ലാ കളക്ടർ ഉത്തരവിടുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ടി ഭൂമി കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. 200 ടൺ മാലിന്യം പ്രോസസ്സിംഗ് കപ്പാസിറ്റിയുള്ള മലപ്പുറം ജില്ലയിലെ പ്ലാന്റിലെ ജൈവ മാലിന്യങ്ങൾ എയ്റോബിക് പ്രക്രിയയിലൂടെ കംപ്രസ്ഡ് ബയോ ഗ്യാസും വളവുമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ആർ.ഡി.എഫ്. ആക്കി മാറ്റുന്നതിനുമാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണ ശാലയിലെത്തിച്ച് സംസ്കരിച്ച് നൽകേണ്ട **കാർട്ടൺ കെയ്സിനെ** അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്.

മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻപരിചയം സാമ്പത്തിക ഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്വകാര്യ ഏജൻസികളെ കണ്ടെത്തുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന സ്വകാര്യ ഏജൻസികളുടെ യോഗ്യതയും സാങ്കേതിക മികവും സാമ്പത്തിക ഭദ്രതയും കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ ടെണ്ടറുകൾ നൽകുകയുള്ളൂ. മാത്രമല്ല തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ കേന്ദ്ര-സംസ്ഥാന മാലിന്യ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങളും മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതായിരിക്കും. ഇതിലൂടെ പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളാണ് ഈ പദ്ധതിയിലൂടെ നിലവിൽ വരാൻ പോകുന്നത്. പദ്ധതിക്കായി നിഷ്കർഷിക്കുന്ന സ്ഥലം ഭാരതപ്പുഴയിൽ നിന്നും അകലെയാണ് സ്ഥിതിചെയ്യുന്നത് എന്നതിനാൽ പ്രസ്തുത ജലസ്രോതസ്സ് മലിനമാകാനുള്ള സാധ്യതയില്ല. വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ പദ്ധതിയുടെ ബന്ധപ്പെട്ട

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. മലപ്പുറം മുനിസിപ്പാലിറ്റിക്ക് പുറമെ പെരിന്തൽമണ്ണ, പൊന്നാനി, മഞ്ചേരി, തിരൂർ, കോട്ടക്കൽ, കൊണ്ടോട്ടി, വളാംചേരി, തിരൂരങ്ങാടി, പരപ്പനങ്ങാടി, താനൂർ മുനിസിപ്പാലിറ്റികളെയും അതാത് കൗൺസിൽ തീരുമാനത്തിന് വിധേയമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതിന് ശേഷം കെ.എസ്.ഐ.ഡി.സി. പദ്ധതിയുമായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുക. അനുയോജ്യമായ കൺസഷനയർ  കമ്പനിയെ തിരഞ്ഞെടുക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർ കമ്പനി സമർപ്പിക്കേണ്ടതാണ്. ടെക്നിക്കൽ കമ്മിറ്റി വിശദമായി പരിശോധിച്ചതിനുശേഷമേ  പദ്ധതിക്കുള്ള അംഗീകാരം നൽകുകയുള്ളൂ. മാത്രമല്ല കൺസഷനയർ കമ്പനി പദ്ധതിക്കാവശ്യമായ വിവിധ വകുപ്പുകളിൽ നിന്നുള്ള വിശദമായ പഠനത്തിന് ശേഷമുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകളും ലഭ്യമാക്കേണ്ടതാണ്. പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് 04-01-2024-ൽ പ്രമേയം പാസ്സാക്കിയിരുന്നു. ജനങ്ങളുടെ

ആശങ്ക സംബന്ധിച്ചാണ് തീരുമാനത്തിൽ സൂചിപ്പിക്കുന്നത്. ഇതിന് ഉപോത്ബലകമായി യാതൊരു ശാസ്ത്രീയ പഠന റിപ്പോർട്ടുകളും പരിശോധിച്ചതായി കാണാത്തതിനാൽ തന്നെ ഈ തീരുമാനം നിലനിൽക്കുന്നതായി കാണുന്നില്ല. സമാനമായ പദ്ധതി പാലക്കാട് ജില്ലയിൽ വിഭാവന ചെയ്യുകയും അതിന്റെ വികസനം പുരോഗമിക്കുകയുമാണ്. 2025 മാർച്ച് 30-ന് സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനുള്ള ക്രമീകരണങ്ങൾ നടന്ന് വരുന്ന ഈ അവസരത്തിൽ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തി പദ്ധതിയുടെ അനിവാര്യത ജനങ്ങൾ മനസ്സിലാക്കേണ്ടതായി കാണുന്നു.

(6) വലിയശാല കാന്തള്ളൂർ മഹാദേവക്ഷേത്ര പുനരുദ്ധാരണം

ശ്രീ. ആന്റണി രാജു: സർ, ശ്രീ. പത്മനാഭ സ്വാമി ക്ഷേത്രം കഴിഞ്ഞാൽ ഐതീഹ്യപരമായും ചരിത്രപരമായും ഏറെ പ്രത്യേകതകൾ നിറഞ്ഞ ക്ഷേത്രമാണ് തിരുവനന്തപുരത്തെ വലിയശാല കാന്തള്ളൂർ മഹാദേവക്ഷേത്രം. 1500-ൽപ്പരം വർഷത്തെ പഴക്കമുള്ള ചുരുക്കം ചില ക്ഷേത്രങ്ങളിലൊന്നാണിത്. നളന്ദ, തക്ഷശില തുടങ്ങിയ സർവ്വകലാശാലകൾക്ക് സമാന്തരമെന്ന്

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസിദ്ധമായ വേദ പാഠശാലയായ കാന്തള്ളൂർ ശാല ഇവിടെ ആയിരുന്നു സ്ഥിതി ചെയ്തിരുന്നത്. അങ്ങനെ ചരിത്രപരമായി നോക്കുമ്പോൾ ഏറെ പ്രാധാന്യമുള്ള ക്ഷേത്രങ്ങളിലൊന്നാണ് തിരുവനന്തപുരത്തെ വലിയശാല കാന്തള്ളൂർ മഹാദേവക്ഷേത്രം. തിരുവനന്തപുരം ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഇരുപതോളം പൗരാണിക ക്ഷേത്രങ്ങൾ പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ട് പുനഃരുദ്ധരിക്കുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ടി ക്ഷേത്രത്തെ ഉൾപ്പെടുത്തി കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽമൂലം വലിയശാല കാന്തള്ളൂർ മഹാദേവക്ഷേത്രത്തെക്കൂടി ഈ പട്ടികയിൽ ഉൾപ്പെടുത്താൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള 1250 ക്ഷേത്രങ്ങളിൽ ബഹുഭൂരിപക്ഷവും പുരാതനവും പൗരാണികവുമായ ക്ഷേത്രങ്ങളാണ്. ടി ക്ഷേത്രങ്ങളിലെല്ലാം യഥാസമയം നവീകരണവും പുനരുദ്ധാരണവും നടത്തേണ്ടത് അനിവാര്യമാണ്. എന്നാൽ തിരുവിതാംകൂർ

ദേവസ്വം ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് എല്ലാ ക്ഷേത്രങ്ങളുടെയും നവീകരണം പ്രയാസമാണ്. ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി തീർത്ഥാടക സൗഹൃദ സമീപനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കി വരുന്ന തീർത്ഥാടന ടൂറിസം പദ്ധതിയാണ് PRASAD (Pilgrim Rejuvenation and Spiritual Augmentation Drive). ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ പന്ത്രണ്ട് നഗരങ്ങളെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ച് വരുന്നു. ടി പദ്ധതിയിൽ കാന്തല്ലൂർ മഹാദേവ ക്ഷേത്രത്തെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറിൽ നിന്നും കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ കാന്തള്ളൂർ മഹാദേവ ക്ഷേത്രത്തെ പ്രസാദ് പദ്ധതിയിൽ ഉൾപെടുത്താനാകുമോ എന്ന് പരിശോധിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(7) അമിത ജോലി ഭാരവും മാനസിക സംഘർഷവും ലഘൂകരിക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സമീപകാലത്ത് ഐ.ടി. മേഖലയിലടക്കം വിവിധ തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന അമിത ജോലി ഭാരം തൊഴിൽ സംബന്ധമായ മാനസിക സംഘർഷം എന്നിവ മൂലം ആത്മഹത്യയടക്കം വർദ്ധിച്ച് വരികയാണ്. സ്വകാര്യ കമ്പനിയിലെ ജീവനക്കാരി മലയാളിയായ അന്ന സെബാസ്റ്റ്യൻ മുതൽ കഴിഞ്ഞ ദിവസം മൂവാറ്റുപുഴ ആറ്റിൽ മരണപ്പെട്ട നിലയിൽ കണ്ടെത്തിയ പി. വി. ശ്യാം കുമാർ വരെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന നിരവധി പേർക്കാണ് അടുത്തിടെ ജീവൻ നഷ്ടപ്പെട്ടത്. ഇതിന് പരിഹാരം കാണുന്നതിനായി സംസ്ഥാന തലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം വി. ആർ. സുനിൽ കുമാർ സഭയിൽ ഉന്നയിച്ച ഈ സബ്മിഷൻ വർത്തമാനകാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നിരവധി അന്താരാഷ്ട്ര

കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കൂടുതലും ഔട്ട്സോഴ്സിങ് ജോലികളാണ് ഏറ്റെടുക്കുന്നത്. അവർ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിശ്ചിത സമയത്ത് ചെയ്തുകൊടുക്കുന്നു. കോവിഡ് കാലഘട്ടത്തിൽ ഐ.ടി. മേഖലകളിൽ നടപ്പിലാക്കിയ 'വർക്ക് ഫ്രം ഹോം' സംവിധാനം ഇപ്പോഴും മിക്ക സ്ഥാപനങ്ങളും തുടർന്നുവരികയാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. സ്ഥാപനങ്ങളെല്ലാം ഇവർക്ക് ബാധകമായ തൊഴിൽ നിയമങ്ങളുടെ പരിധിയിൽവരുന്നുണ്ട്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽവകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. 1960-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് ഓരോ തൊഴിലാളികളുടെയും ഒരു ദിവസത്തെ ജോലി സമയക്രമം വിശ്രമം ഉൾപ്പെടെ ഒൻപത് മണിക്കൂറാണ്. ആയത് സ്പ്രെഡ് ഓവർ ഉൾപ്പെടെ പത്തര മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഓരോ നാല് മണിക്കൂർ സമയത്തെ ജോലിക്കുശേഷം ഒരു മണിക്കൂർ വിശ്രമ സമയം തൊഴിലുടമ തൊഴിലാളികൾക്ക് അനുവദിക്കേണ്ടതാണ്. കൂടാതെ, ഒരുവർഷം 12 കാഷ്വൽ ലീവ്, 12 വാർഷിക ലീവ്, 12 സിക്ക് ലീവ്

എന്നിവയിന്മേൽ നിയമം ഉറപ്പുവരുത്തുന്നു. രാത്രികാലങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പായി മാത്രമെ നിയോഗിക്കാവൂവെന്നും അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് രണ്ട് പേർ സ്ത്രീ ജീവനക്കാരിയായിരിക്കണമെന്നും 1966-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസസ്ഥലം മുതൽ ജോലിസ്ഥലം വരെയും തിരിച്ചും വാഹനസൗകര്യം തൊഴിലുടമ നൽകണമെന്നും പ്രസ്തുത നിയമത്തിൽ വ്യവസ്ഥചെയ്യുന്നുണ്ട്. സംസ്ഥാനത്ത് തൊഴിൽനിയമം നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിലെ ജീവനക്കാരിൽനിന്നും അമിത ജോലിഭാരം, മറ്റ് മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ തൊഴിൽവകുപ്പ് സത്വരമായി ഇടപെട്ട്

ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനും തൊഴിലിടങ്ങളിൽ നിയമങ്ങൾ പാലിക്കപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ അറിയിക്കുന്നതിനായി തൊഴിൽവകുപ്പ് 'സഹജ' എന്ന പേരിൽ സ്ത്രീകൾക്ക് മാത്രമായി കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീ ജീവനക്കാർക്ക് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെതന്നെ പരാതി നൽകി പരിഹാരം കാണുന്നതിനും കഴിയുന്നുണ്ട്. വിവിധ തൊഴിൽമേഖലകളിൽ ജോലിചെയ്യുന്നവർ നേരിടുന്ന അമിതജോലിഭാരവും മാനസിക സംഘർഷംമൂലം വർധിച്ചുവരുന്ന ആത്മഹത്യയടക്കമുള്ള വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് സംസ്ഥാനതലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നത് വളരെ പ്രയോജനകരമായിരിക്കും. സംഘടിത മേഖലയുടെ പരിധിയിൽവരുന്ന വ്യവസായശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ വിവിധ നിയമങ്ങളിലൂടെ നടപ്പിലാക്കി തൊഴിൽ അപകടങ്ങളും തൊഴിൽ ജന്യരോഗങ്ങളും ഇല്ലാതാക്കുകയെന്നതാണ്

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ മുഖ്യലക്ഷ്യം. ഒരു തൊഴിലാളിയെകൊണ്ട് ഒരു ദിവസം എട്ട് മണിക്കൂറിൽ കൂടുതലോ ആഴ്ചയിൽ 48 മണിക്കൂറിൽ കൂടുതലോ ജോലിചെയ്യിക്കാൻ പാടില്ലായെന്ന് ഫാക്ടറി നിയമം, 1948 അനുശാസിക്കുന്നുണ്ട്. എന്നാൽ ഐ.ടി. മേഖലയുൾപ്പെടെയുള്ള അസംഘടിത മേഖലകളിൽ തൊഴിലാളികൾക്ക് അമിത ജോലിഭാരവും മാനസിക സമ്മർദ്ദവുമുണ്ടാകുന്നതായി മനസ്സിലാക്കുന്നു. ഫാക്ടറിസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽവരുന്ന ഫാക്ടറികളിലെ തൊഴിലാളികളിൽനിന്നും അമിതജോലിഭാരം, മാനസിക സമ്മർദ്ദം എന്നിവയെ സംബന്ധിച്ച് പരാതികളൊന്നുംതന്നെ നാളിതുവരെ ലഭിച്ചിട്ടില്ല. എന്നാൽ തൊഴിലാളികളെ നിയമപരമായി അനുവദിച്ചിട്ടുള്ള സമയത്തിൽ കൂടുതൽ ജോലി ചെയ്യിക്കുമ്പോൾ അത് അവർക്ക് മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ പ്രത്യേകിച്ച് സ്ത്രീകളിലുണ്ടാകുന്നതായി പഠനങ്ങൾ മുഖേന തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇക്കാരണങ്ങളാൽ പലതരം അപകടങ്ങൾ സംഭവിക്കുകയും തൊഴിലാളികളുടെ സുരക്ഷിതത്വവും ജീവനും നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ടാകാറുണ്ട്. ഐ.ടി. മേഖലയുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ

മുഴുവൻ സംഘടിത/ അസംഘടിത തൊഴിലാളി മേഖലയിലെ തൊഴിലാളികൾക്ക് ജോലി ഇടങ്ങളിലെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്ന കാര്യം ഉചിതതലങ്ങളിൽ ചർച്ചയ്ക്കും പരിശോധനയ്ക്കുംശേഷം തീരുമാനിക്കുന്നതാണ്.

(8) <u>പൊന്നാനി- പടിഞ്ഞാറക്കര കേബിൾ സ്റ്റെയ്ഡ് ഹാംഗിങ് ബ്രിഡ്ജ്</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, മലപ്പുറം ജില്ലയിലെ പൊന്നാനി-തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റെയ്ഡ് പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017 ജൂലൈ 21-ന് ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള)-യെ ഏല്പിക്കുകയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ച് 280.9 കോടി രൂപ അനുവദിക്കുകയും ചെയ്തതാണ്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള ആർ.ആർ. നടപടി പൂർത്തീകരിച്ചു. ബിൽഡിങ് ആൻഡ് വാല്യൂവേഷൻ പൂർത്തീകരിച്ച് സി.ആർ.ഇസഡ്-ന്റെ ക്ലിയറൻസും ലഭ്യമാക്കി. ഇതിനുപുറമെ

തീരദേശ ഹൈവേയുടെ ഭൂമിയേറ്റെടുക്കൽ നടപടിക്കുവേണ്ടി സർക്കാർ പുറത്തിറക്കിയ സ്പെഷ്യൽ പാക്കേജ് ഈ പദ്ധതിയുടെ ഭാഗമാക്കാമെന്ന് കിഫ്ബി അംഗീകരിക്കുകയും ചെയ്തത് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചതാണ്. എന്നാൽ എട്ട് മാസം കഴിഞ്ഞിട്ടും ബന്ധപ്പെട്ട വകുപ്പുകൾ അനുസംബന്ധിച്ച ജി.ഒ.-കൾ പുറപ്പെടുവിച്ചിട്ടില്ല. തീരദേശ മേഖലയുടെ വികസനത്തിനും അതോടൊപ്പം പൊന്നാനിയുടെ ടൂറിസം വികസനത്തിന്റെ വർധനവിനും സഹായകരമാകുന്ന ഈ പദ്ധതി അടിയന്തരമായി നടപ്പാക്കണം. അതിനുവേണ്ടി ഈ പദ്ധതിയുടെ നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്ത് ടെൻഡർ നടപടിയാരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊന്നാനിയുടെ മാത്രമല്ല, കേരളത്തിന്റെതന്നെ ശ്രദ്ധേയമായ ഒരു പദ്ധതിയാണ് ബഹുമാന്യനായ പൊന്നാനി എം.എൽ.എ. ശ്രീ. പി. നന്ദകുമാർ സബ്മിഷന്റെ ഭാഗമായി മുന്നോട്ടുകൊണ്ടുവന്നിട്ടുള്ളത്. പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റെയ്ഡ് പാലം, ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഈ പാലത്തിന് കിഫ്ബി

പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയതാണ്. ഇതിന്റെ എസ്.പി.വി. ആർ.ബി.ഡി.സി.കെ. ആണ്. പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ച് 280 കോടി 9 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 08-11-2022-ൽ പ്രസിദ്ധീകരിച്ചു. സർവെ പൂർത്തിയാക്കി ബി.വി.ആർ. ജില്ലാകളക്ടർ അംഗീകരിച്ചു. ആർ.ആർ. നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആർ.ആർ. നടപടികളുടെ ഭാഗമായി 143 ബിൽഡിംഗ് വാല്യുവേഷൻ പൂർത്തിയാക്കിക്കഴിഞ്ഞു. ഇതിന്റെ റിപ്പോർട്ട് കൃത്യമായി നൽകുവാൻ പി.ഡബ്ല്യൂ.ഡി. കെട്ടിടവിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. തീരപ്രദേശത്തുകൂടി കടന്നുപോകുന്ന ഈ പദ്ധതിക്ക് കേരള തീരദേശപരിപാലന അതോറിറ്റിയിൽനിന്ന് സി.ആർ.ഇസഡ്. ക്ലിയറൻസ് 17-09-2022-ൽ ലഭിക്കുകയും ചെയ്തു. തീരദേശ ഹൈവേയുടെ ഭൂമിയേറ്റെടുക്കൽ നടപടിക്കുവേണ്ടി സർക്കാർ പുറത്തിറക്കിയ സ്പെഷ്യൽ പാക്കേജ് ഈ പദ്ധതിക്ക് ബാധകമാകുന്നതിന് പ്രത്യേകം സർക്കാർ ഉത്തരവ് ആവശ്യമാണെന്ന എൽ.എ. വിഭാഗത്തിന്റെ ആവശ്യം റവന്യൂ വകുപ്പിന്റെ

പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ഇതുസംബന്ധിച്ച് ഒരുപ്രാവശ്യം ചർച്ച നടത്തിയതാണ്. നടപടികൾ വേഗത്തിലാക്കാനുള്ള നിലപാട് അദ്ദേഹം കൈക്കൊള്ളുമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്പോഴുള്ള സാങ്കേതികകാര്യങ്ങൾ വേഗത്തിലാക്കുന്നതിന് പ്രത്യേക യോഗം വിളിക്കാൻ പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്യാം.

(9) <u>വടക്കാഞ്ചേരി ബൈപ്പാസ്</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരി ഓട്ടുപാറ ടൗണുകളിൽ നിരന്തരമുണ്ടാകുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട് വിഭാവനചെയ്ത വടക്കാഞ്ചേരി ബൈപ്പാസ് പ്രോജക്ടിന് 2017-2018 ബജറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപ വകയിരുത്തിയിരുന്നു. 5.586 കിലോമീറ്റർ നീളത്തിൽ കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാനപാത 22-ൽ കരുതക്കാട് നിന്നും ആരംഭിച്ച് പുഴയ്ക്ക് കുറുകെയുള്ള ഒരു പാലവും അകമലയിൽ ഒരു റെയിൽവേ മേൽപ്പാലവും കടന്ന്

സംസ്ഥാനപാതയിൽ ചേരുംവിധമാണ് ബൈപ്പാസ് അലൈൻമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇതുപ്രകാരം പി.ഡബ്ല്യൂ.ഡി. ഇൻവെസ്റ്റിഗേഷൻ വിംഗ് ആയ RIQCL മുഖേന 60 മീറ്റർ വീതിയിൽ ടോപ്പോഗ്രാഫിക് സർവെ വർക്കുകൾ നടത്തുകയും ആയതുപ്രകാരമുള്ള Draft Horizontal Alignment പി.ഡബ്ല്യൂ.ഡി. ഹൈവേ ഡിസൈനിംഗ് യൂണിറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ നിർവഹണച്ചുമതല കെ.ആർ.എഫ്.ബി.-ക്ക് ആണ്. ആർ.ഒ.ബി.-യുടെ സ്ഥലം നിർണ്ണയിക്കുന്നതിൽ റെയിൽവേയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം ബൈപ്പാസ് അലൈൻമെന്റ് തയ്യാറാക്കുന്നതിന് തടസ്സമായിരുന്നു. നിലവിൽ ആർ.ഒ.ബി., അകമല കാട്ടിലെ ഗേറ്റ് ഭാഗത്ത് നിർമ്മിക്കാമെന്ന് റെയിൽവേ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ ഭാഗത്ത് ജി.എ.ഡി. തയ്യാറാക്കാൻ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ സോയിൽ ടെസ്റ്റ് ഉൾപ്പെടെ തുടങ്ങിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിന് കീഴിലുള്ള പി.പി. യൂണിറ്റ് നടത്തിവരുന്ന ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തനം സമാന്തരമായി നടത്തേണ്ടതുണ്ട്. ജി.എ.ഡി. തയ്യാറാക്കി റെയിൽവേയുടെ അനുമതിയും

ബൈപ്പാസിന്റെ ഡി.പി.ആർ.-ഉം സമയബന്ധിതമായി പൂർത്തിയാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി കാലതാമസംകൂടാതെ നേടുന്നതിന് മുൻഗണനയോടെയുള്ള ഇടപെടലും ശ്രദ്ധയുമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഒരു പ്രദേശത്തിന്റെ ദീർഘകാലമായുള്ള സ്വപ്ന പദ്ധതിയാണ് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സബ്മിഷനായി കൊണ്ടുവന്നിട്ടുള്ളത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിന് 20 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബൈപ്പാസ് റോഡും റെയിൽവേ ഓവർബ്രിഡ്ജും ഉൾപ്പെടുന്നതാണ് വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി. റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (GAD) തയ്യാറാക്കുന്നതിന് കെ-റെയിലിനെ 25-07-2024-ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. 75 ദിവസത്തെ പൂർത്തീകരണ കാലാവധിക്കുള്ളിൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (GAD) സമർപ്പിക്കുവാനാണ് കെ-റെയിലിന് നൽകിയ നിർദ്ദേശം. റെയിൽവേഭാഗം ഒഴിച്ചുള്ള ഭാഗത്തെ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന

പ്രവൃത്തി തുടരുകയാണ്. 10-09-2024-ൽ ഡിസൈൻ യൂണിറ്റ്, Kerala Road Fund Board (KRFB), RIQCL ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത സ്ഥലപരിശോധന നടത്തി, ഡി.പി.ആർ. ലഭിക്കുന്ന ഉടനെ തുടർനടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകും.

(10) <u>വെങ്ങളം-മൂരാട് പാലം സർവ്വീസ് റോഡ് വീതികൂട്ടൽ</u>

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, കേരളത്തിലെ വികസനത്തിന്റെ നാഴികക്കല്ലായി മാറുന്ന എൻ.എച്ച്. 66-ന്റെ വികസനം ദ്രുതഗതിയിൽ മുന്നേറുകയാണ്. 45 മീറ്റർ വീതിയിലാണ് ഇതിനായി സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. ഡ്രെയിനേജുൾപ്പെടെ 7 മീറ്റർ വീതിയിലാണ് ഇരുഭാഗത്തും Two way സംവിധാനത്തിൽ സർവ്വീസ് റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വെങ്ങളം -അഴിയൂർ റീച്ചിൽ കൊയിലാണ്ടി മണ്ഡലത്തിൽ വരുന്ന വെങ്ങളം മുതൽ മൂരാട് പാലം വരെ പലയിടത്തും സർവ്വീസ് റോഡിന്റെ വീതി 5 മീറ്റർ പോലുമില്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ഈ ഒരവസ്ഥയിൽ Two way ആയി രണ്ടുവാഹനത്തിന് പോകാൻ കഴിയാത്ത സ്ഥിതിമൂലം സർവ്വീസ് റോഡിൽ വലിയ ബ്ലോക്കാണ് രൂപപ്പെടുന്നത്. ചിലയിടങ്ങളിൽ ഡ്രെയിനേജും

കഴിഞ്ഞ് ഏറ്റെടുത്ത ഭൂമി 3 മീറ്ററോളം ബാക്കിയുണ്ടായിരുന്നിട്ടും സർവ്വീസ് റോഡ് വീതികുറഞ്ഞത് ഗൗരവമായി കാണേണ്ടതാണ്. നിലവിൽ അത്യാവശ്യമായിട്ടുള്ള അടിപ്പാതയില്ലാത്തതിനാൽ തിക്കോടിയിലെ ജനങ്ങൾ രണ്ടുവർഷത്തോളമായി സമരത്തിലാണ്. റോഡിന്റെ മറുവശത്ത് വിദ്യാലയങ്ങളും ആശുപത്രികളുമെല്ലാം നിൽക്കുന്നതിനാൽ കുട്ടികൾ ഏറെ നടന്നാണ് വിദ്യാലയങ്ങളിലേയ്ക്ക് എത്തേണ്ടത്. ഇവിടെ രണ്ടുവർഷമായി സമരം നടക്കുമ്പോൾ കഴിഞ്ഞദിവസം സമരപ്പന്തലടക്കം പൊളിച്ചുകൊണ്ട് പോലീസുകാർ ഇടപെട്ട് സമരം നിർത്താൻ ശ്രമിച്ചെങ്കിലും സമരം നിർത്തിയില്ല; 1500-ൽ അധികം ആളുകൾ പങ്കെടുത്തുകൊണ്ടാണ് കഴിഞ്ഞദിവസം സമരം നടന്നത്. ഇപ്പോഴും സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ വലിയപ്രയാസങ്ങൾ നേരിടുന്നതിനാൽ അണ്ടർ പാസിന്റെ കാര്യവും പരിഗണിക്കേണ്ടതാണ്. അതുപോലെ റോഡിന്റെ ഇരുവശവുമുള്ള സർവ്വീസ് റോഡിന്റെ വീതികൂട്ടുന്നത് അത്യാവശ്യമായതിനാൽ ഒരു ബോക്സ് കൾവർട്ട് തിക്കോടിയിൽ അടിപ്പാതയായി നൽകണമെന്നുള്ള അപേക്ഷയുമുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ട്

വളരെപ്പെട്ടെന്ന് ഇത് സാധ്യമാക്കിത്തരണമെന്ന് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാതാ 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വളരെപ്രധാനപ്പെട്ട ഒരു കാര്യമാണ് ശ്രീമതി കാനത്തിൽ ജമീല ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ദേശീയപാതാ 66-ലെ അഴിയൂർ-വെങ്ങളം റീച്ചിൽ കരാർപ്രകാരം 7 മീറ്റർ വീതിയിലാണ് സർവ്വീസ് റോഡ് നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ ചിലയിടങ്ങളിൽ സർവ്വീസ് റോഡിന്റെ വീതി 7 മീറ്ററിൽ താഴെയാണെന്ന വിഷയം വളരെ ഗൗരവമേറിയതാണ്. മതിയായ ഭൂമി ലഭ്യമല്ലാത്ത ചിലയിടങ്ങളിൽ ഡ്രെയിനേജുൾപ്പെടെ 5.50 മുതൽ 7 മീറ്റർ വരെ വീതിയിൽ സർവ്വീസ് റോഡ് നിർമ്മിച്ചിട്ടുള്ളതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്ഥലമുണ്ടായിട്ടും കുറഞ്ഞവീതിയിലാണോ നിർമ്മിച്ചതെന്ന കാര്യം പ്രത്യേകമായി പരിശോധിക്കാം. ദേശീയപാതാ പ്രവൃത്തി നിരീക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും പ്രത്യേക സംവിധാനങ്ങളുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനായി കോഴിക്കോട്

ജില്ലയിൽ നിയോഗിക്കപ്പെട്ട നോഡൽ ഓഫീസറോട് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്.